# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4399** **22.07.2015 - ൽ മറുപടിയ്ക്ക്**

**<u>പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സുരക്ഷ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി. കെ. ബഷീർ | **ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സുരക്ഷയുടെ കാര്യത്തിൽ കേരളവും തമിഴ്നാട്ടും തമ്മിൽ തർക്കം നിലവിലുണ്ടോ; | (എ) പറമ്പിക്കുളം - ആളിയാർ പദ്ധതി (പി.എ.പി) യുടെ പരിധിയിൽ വരുന്ന അണക്കെട്ടുകളുടെയും മറ്റ് അനുബന്ധ നിർമ്മിതികളുടെയും സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കേരളവും തമിഴ്നാട്ടും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. |
| (ബി ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;<br><br>(സി) പ്രസ്തുത ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് സംയുക്ത പരിശോധന സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച കരാർ വ്യവസ്ഥ വ്യക്തമാക്കുമോ? | (ബി) യും (സി) യും കേന്ദ്ര ജലകമ്മീഷന്റെ (CWC) നിയന്ത്രണത്തിൽ ദേശീയ ഡാം സുരക്ഷാ സമിതി (National Committee on Dam Safety - NCDS) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഡാം സുരക്ഷാ സമിതി (NCDS) യുടെ നേതൃത്വത്തിൽ; മേൽ സൂചിപ്പിച്ച ഡാമുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിന് രൂപീകൃതമായ സബ് കമ്മിറ്റിയുടെ (Sub Committee on Parambikulam Aliyar System - PAPS) പ്രവർത്തനം സംബന്ധിച്ച് കേരളവും തമിഴ്നാട്ടും തമ്മിൽ അഭിപ്രായ വ്യത്യാസം |

നിലനിൽക്കുന്നുണ്ട്. സബ് കമ്മിറ്റിയുടെ രണ്ട് മീറ്റിംഗുകളും പരിശോധനകളും മാത്രമേ നാളിതുവരെ നടന്നിട്ടുള്ളൂ. ഡാമുകളുടെ സുരക്ഷ സംബന്ധിച്ചുള്ള സബ് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ നടപടി സ്വീകരിച്ചുവോയെന്ന കാര്യം തമിഴ്‌നാട് നാളിതുവരെ വ്യക്തമാക്കിയിട്ടില്ല. ഡാമുകളുടെയും അനുബന്ധ നിർമ്മിതികളുടെയും സുരക്ഷയടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനം തമിഴ്‌നാടിന് ഉണ്ടെന്നും അതേ സംവിധാനം ഉപയോഗിച്ച് പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നുമാണ് തമിഴ്‌നാട് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നിലപാട്. പ്രസ്തുത നിലപാടിൽ ഉറച്ച് നിന്നുകൊണ്ട് "Sub Committee on Parambikulam Aliyar System" -ന്റെ പ്രവർത്തനം തുടരേണ്ടതില്ലായെന്നാണ് തമിഴ്‌നാട് NCDS- ന്റെ യോഗങ്ങളിൽ ആവർത്തിച്ച് ആവശ്യപ്പെടുന്നത്. പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ ഉൾ പ്പെടുന്ന ഡാമുകളുടെ പ്രത്യേക സ്വഭാവവും പരിസര പ്രദേശത്തെ അവസ്ഥയും കണക്കാക്കുമ്പോൾ സബ് കമ്മിറ്റിയുടെ പ്രവർത്തനം ഒഴിവാക്കാൻ പാടില്ലായെന്നാണ് കേരളത്തിന്റെ അഭിപ്രായം. ഡാമുകളുടെ സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നതിന് പ്രസ്തുത കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനം അനിവാര്യമായ സംഗതിയാണെന്ന് കേരളം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. സബ് കമ്മിറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കാനുള്ള നിർ ദ്ദേശം തമിഴ്‌നാടിന് നൽകണമെന്ന് കേരളം കേന്ദ്രജല കമ്മീഷനോടും കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റേയും കേന്ദ്ര ജല കമ്മീഷന്റെയും പ്രതികരണം ലഭ്യമായിട്ടില്ല.

പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ 4 ഖണ്ഡിക 2 അനുസരിച്ച് ഓരോ സംസ്ഥാനങ്ങളും മറ്റേ സംസ്ഥാനം നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് കരാറിന്റെ പരിധിയിൽ വരുന്ന ഡാമുകളും മറ്റ് നിർമ്മിതികളും പരിശോധിക്കുവാനും അവയുടെ പ്രവർത്തനവും പരിപാലനവുമായി ബന്ധപ്പെട്ട രേഖകളും പരിശോധിക്കുവാനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ